(Pages : 4) **L – 5268**

**Reg. No. : .............................**

**Name : ..................................**

## Fourth Semester M.A. Degree Examination, March 2021

## Malayalam Language and Literature

## ML 241 : സമകാലികസാഹിത്യം - പദ്യം

## (2019 Admission)

Time : 3 Hours Max. Marks : 75

gcwcentrallibrary.in

I. **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ഇരുണ്ടതാണുലകമെ-

ന്നറിയും പ്രായമാകവേ

ദിവാകര പ്രഭകളിൽ

കൊടും ചൂടറിവായിമേ - ഇങ്ങനെ പറയാൻ കാരണമെന്ത് ?

അല്ലെങ്കിൽ

(b) വെളിച്ചം ദുഃഖമാണുണ്ണീ

തമസ്സല്ലോ സുഖപ്രദം - ഇവിടെ അർത്ഥമാക്കുന്നതെന്ത് ?

2. (a) പുരുഷാർത്ഥങ്ങൾ തേടിത്തേടി-

യണഞ്ഞോരല്ലോ നാമിവിടെ - സന്ദർഭം എന്ത് ?

അല്ലെങ്കിൽ

(b) ശരിയാണെങ്കിലും കണ്ടു

നിന്നേപോയ് ഞാൻ സവിസ്മയം - ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

P.T.O.

3. (a) അടുത്തകൊല്ലം ആ മരമിവിടെയില്ലെന്ന്
യാത്ര തുടങ്ങുമ്പോഴേ അവയറിയുമല്ലോ
അറിയാതെ പറന്നെത്തി
കാണാതെയാവട്ടം ചുറ്റുമോ - സന്ദർഭം എന്ത് ?

അല്ലെങ്കിൽ

(b) കാത്തിരുന്നു കാണാം - എന്ന് ദേശാടനപ്പക്ഷി പറയാൻ കാരണമെന്ത് ?

4. (a) ഉദിച്ചിടുന്നൊരു ദിക്കിനു നേരെ
കണ്ണുകൾ നട്ടു നടന്നോളൂ - ആരുടെ വാക്കുകൾ ?

അല്ലെങ്കിൽ

(b) ചിരസ്ഥായിയായ മൗനഭൂമിയിൽ വച്ച്
അദൃശ്യബുദ്ധന്റെ ചുംബനം കിട്ടുന്നു - പശ്ചാത്തലം വിശദമാക്കുക.

5. (a) അരിശം മൂത്ത പിതൃക്കളെല്ലാം
നരിയായും പുലിയായും വന്നുകേറും - എന്താണ് ഇവിടെ അർത്ഥമാക്കുന്നത് ?

അല്ലെങ്കിൽ

(b) ജാപ്പനീസ് ചലച്ചിത്രകാരൻ ഇമാമുറയെ ഹിമസമാധി എന്ന കവിതയിൽ വിജയലക്ഷ്മി അവതരിപ്പിക്കുന്നതെങ്ങനെ ?

6. (a) എങ്ങുമൊരുനാദമി-
ല്ലെങ്ങുമൊരു ചലനമില്ല - കാരണമെന്ത് ?

അല്ലെങ്കിൽ

(b) മനസൊരു പാഴ്‌വേലയാണ്
ചിന്ത ഒരു തന്ത്രവും - എന്താണ് അർത്ഥമാക്കുന്നത് ?

gcwcentrallibrary.in

7. (a) ഇനി നമ്മൾ മാത്രം അനന്തതയും അതിൻ

ലഹരിയിൽ നീലയായ് പാടുമെൻ ജീവനും - സന്ദർഭമെന്ത് ?

അല്ലെങ്കിൽ

(b) ഷീലയുടെ ശബ്ദം എന്ന വി.എം. ഗിരിജയുടെ കവിത ലക്ഷ്യമാക്കുന്നതെന്ത് ?

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) രാവും പകലും എന്ന വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കവിതയുടെ ദർശനം എന്താണ് ?

അല്ലെങ്കിൽ

(b) ജ്ഞാനസ്നാനം എന്ന കവിത സമകാലികജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് കടക്കുന്നതെങ്ങനെ ?

9. (a) വജ്രകുണ്ഡലം എന്ന കവിത മുന്നോട്ടുവയ്ക്കുന്ന സമകാലരാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) 'തമസ്സല്ലോ സുഖപ്രദം' എന്ന സങ്കൽപ്പത്തിനുപിന്നിലെ രാഷ്ട്രീയ അന്തരീക്ഷം വിശദമാക്കുക.

10. (a) കോളേജിന്റെ ചുമരിൽ എന്ന കവിത മുന്നോട്ടുവയ്ക്കുന്ന പ്രശ്നങ്ങൾ എന്താണ് ?

അല്ലെങ്കിൽ

(b) എ. അയ്യപ്പൻ കവിതകളുടെ ബിംബകല്പനകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

11. (a) ''ചിറകറ്റ പക്ഷിക്ക് ചിറകുമായ് നീയിനി പിറകെ

വരല്ലേ വരല്ലേ'' അയ്യപ്പപ്പണിക്കരുടെ ഈ വരികളിൽ തെളിയുന്ന ആധുനിക ജീവിത സമസ്യകളെന്താണ് ?

അല്ലെങ്കിൽ

(b) കാത്തിരുന്നു കാണാം - പി രാമൻ ഈ കവിതയിൽ ലക്ഷ്യമാക്കുന്നതെന്ത് ?

12. (a) കാറ്റേ കടലേ എന്ന കവിതയുടെ പാരിസ്ഥിതിക പ്രാധാന്യം വിശദമാക്കുക.

അല്ലെങ്കിൽ

(b) അക്കമഹാദേവിയുടെ ഭക്തിസാഹിത്യം സച്ചിദാനന്ദന്റെ കവിതയിൽ രാഷ്ട്രീയ വിഷയമാകുന്നതെങ്ങനെ ?

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

13. (a) എൻ.എൻ. കക്കാട്, അയ്യപ്പപ്പണിക്കർ എന്നിവരുടെ കവിതകളുടെ സവിശേഷതകൾ വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ആധുനിക കവികൾ പരമ്പരാഗത കാവ്യസങ്കൽപ്പങ്ങളെ തിരസ്ക്കരിച്ചതെങ്ങനെ ?

14. (a) ആധുനികതയുടെ രണ്ടാംഘട്ടത്തിൽ മലയാളകവിതയ്ക്കുണ്ടായ പരിവർത്തനം എന്തായിരുന്നു ?

അല്ലെങ്കിൽ

(b) സൂക്ഷ്മരാഷ്ട്രീയ വിഷയങ്ങൾ ഉത്തരാധുനികകവിതയിൽ പ്രകടമാകുന്നതെങ്ങനെ ?

15. (a) ദലിത് സ്വത്വരാഷ്ട്രീയം ഉത്തരാധുനികകവിതയിൽ പ്രബലമാകുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) പരിസ്ഥിതി, സ്ത്രീ സംബന്ധിയായ വിഷയങ്ങളാണ് സമകാലകവിതയിൽ ശക്തമാകുന്നത് - വിശദീകരിക്കുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in